LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ റോഡുകൾ അന്തർദ്ദേശീയ നിലവാരമുള്ളതാക്കുന്നതിന് നടപടി

186 (636) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകൾ അന്തർദ്ദേശീയ നിലവാരമുള്ളതാക്കണം എന്ന ലക്ഷ്യം കൈവരിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി എന്തൊക്കെ നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്നാണ് കേന്ദ്രസർക്കാരിൽനിന്നും അറിയിച്ചിട്ടുള്ളത് ;

(സി) ഈ ലക്ഷ്യം കൈവരിക്കാനായി അന്തർദ്ദേശീയതലത്തിലുള്ള ഏതെങ്കിലും ഏജൻസികളുടെ സഹായം ലഭ്യമാക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെയും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണ് സംസ്ഥാനത്ത് പുതിയ റോഡ് നിർമ്മാണം നടത്തിവരുന്നത്. പ്രസ്തുത നിബന്ധനകൾ റോഡുകളെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ പര്യാപ്തമായതാണ്.

(സി&ഡി) കെ.എസ്.റ്റി.പി. റോഡുകളുടെ കാര്യത്തിൽ ലോകബാങ്ക് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി ലോക നിലവാരമുള്ള കൺസൾട്ടൻസിയുടെ നിർദ്ദേശാനുസരണമാണ് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. മറ്റ് റോഡുകളുടെ നിർമ്മാണത്തിൽ അന്തർദ്ദേശീയ തലത്തിലുള്ള ഏജൻസികളുടെ സഹായം സ്വീകരിച്ചിട്ടില്ല.

ദേശീയപാത വികസനം

187 (637) ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(ബി) ദേശീയപാത വികസനത്തിനായി സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ച പാക്കേജിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചത് ;

(സി) അതിൽ ഏതെല്ലാം കാര്യങ്ങൾ കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട് ;

(ഡി) ഈ മാസം ചേർന്ന സർവ്വകക്ഷി യോഗതീരുമാനങ്ങൾ വ്യക്തമാക്കുമോ ; സ്ഥലവും കെട്ടിടവും വിട്ടുനൽകുന്നവർക്ക് മെച്ചപ്പെട്ട പുനരധിവാസപദ്ധതി നേടിയെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ദേശീയപാതാ വികസനത്തിനായി ദേശീയപാത അതോറിറ്റി തയ്യാറാക്കിയ അലൈൻമെന്റിൽ അപാകതകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുപരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ദേശീയപാതാ വികസന നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) ദേശീയപാത 17-ഉം, 46-ഉം നാലുപിരപ്പാതയായി ബി.ഒ.റ്റി. വ്യവസ്ഥയിൽ വികസിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ഏൽപ്പിച്ചിരിക്കുകയാണ്. 45 മീറ്ററിൽ നാലുവരിപ്പാതയാക്കുന്നതിന് സ്ഥലമേറ്റെടുത്ത് പൂർണ്ണമായും കൈമാറുവാൻ കഴിഞ്ഞിട്ടില്ല.

(ബി-ഡി) ദേശീയപാതാ 17, 47 എന്നിവയുടെ വികസനത്തിനായി സ്ഥല മേറ്റെടുക്കമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കമ്പോളവിലനൽകുക, വീടും വാണിജ്യ സ്ഥാപനങ്ങളും നഷ്ടപ്പെടുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ തൊട്ടുപിന്നിലെ വസ്തുവിൽ വീടുകളും വാണിജ്യ സ്ഥാപനങ്ങളും നിർമ്മിച്ച് പ്രശ്നരഹിതമായി സ്ഥലമേറ്റെടുപ്പ് പ്രക്രിയനടത്തുക, ഇത് നടപ്പിലാക്കാൻ കഴിയാത്ത ഭാഗത്ത് പ്രത്യേകമായി ഷോപ്പിംഗ് കോംപ്ലക്സ്/ വീട് എന്നിവ നിർമ്മിച്ചുനൽകുക, സ്വന്തം ഭൂമിയിൽ ബിസിനസ് നടത്തുന്നവർക്ക് നടപ്പുവർഷത്തെ റേറ്റ് ഷെഡ്യൂളും 25 ശതമാനവുംകൂടി ചേർത്ത് കെട്ടിടവില നിർണ്ണയിക്കുകയും വസ്തുവിന് ജില്ലാതല ഉപദേശക കമ്മിറ്റി തീരുമാനിക്കുന്ന കമ്പോളവില നൽകുകയുംചെയ്യുക, വാടകയ്ക്ക് സ്ഥാപനങ്ങൾ നടത്തുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ കമ്പോളവിലയുടെ 10 ശതമാനത്തിന് തുല്യമായ തുകനൽകുക, സ്ഥലമെടുപ്പുകാരണം തൊഴിൽരഹിതരാകുന്നവർക്ക് Industrial Dispute Act പ്രകാരമുള്ള നഷ്ടപരിഹാരംനൽകുക, സർക്കാർ പുറമ്പോക്ക് ഭൂമിയിൽ അനധികൃതമായി താമസിക്കുന്നവർക്കും ചെറിയ കച്ചവടംനടത്തി ഉപജീവനം നടത്തുന്നവർക്കും പൊളിച്ചുമാറ്റപ്പെടുന്ന കെട്ടിടത്തിന്റെ വിലയും പുനരധി വാസത്തിനായി ഒരു ലക്ഷം രൂപയും നൽകുകയും തൊഴിൽ നഷ്ടപ്പെടുന്നവർക്ക് 6 മാസത്തേക്ക് നിയമനം അനുശാസിക്കുന്ന മിനിമം വേതനവും നൽകുക, പൊളിച്ച് മാറ്റപ്പെടേണ്ടിവരുന്ന ആരാധനാലയങ്ങൾക്ക് പകരം അനുയോജ്യമായ സ്ഥലത്ത് അവ സർക്കാർ ചെലവിൽ നിർമ്മിച്ചുനൽകുക തുടങ്ങി സമഗ്രമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

പുനരധിവാസ പാക്കേജാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്. എന്നാൽ ദേശീയ പാതാ ആക്ടനുസരിച്ചുള്ള നഷ്ടപരിഹാരംമാത്രമേ അനുവദിക്കാൻ സാധിക്കുകയുള്ളൂയെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിരിക്കുകയാണ്.

(ഇ) ഉണ്ട്. അവ വിവിധ തലങ്ങളിൽ പരിശോധിച്ചുവരികയാണ്.

(എഫ്) ത്വരിതപ്പെടുത്തും.

ദേശീയപാതകൾ വീതികൂട്ടുന്നതിന് നടപടി

188 (638) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാതകൾ വീതികൂട്ടി വികസിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ദേശീയപാതകൾ ; എത്ര മീറ്ററിൽ വീതികൂട്ടാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) വികസിപ്പിക്കുമ്പോൾ ബി.ഒ.ടി. വ്യവസ്ഥ ഒഴിവാക്കി ടോൾ ഫ്രീയായി പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പാതവികസനത്തോടൊപ്പം കുടിയൊഴിപ്പിക്കപ്പെടുന്നവർക്കും ഭൂമി നഷ്ടപ്പെടുന്നവർക്കും ഉപജീവനമാർഗ്ഗമില്ലാതാവുന്നവർക്കും നഷ്ടപരിഹാരം നൽകി അവരെ പുനരധിവസിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളും ;

(ഇ) ഇതിനായി കേന്ദ്രസഹായമഭ്യർത്ഥിച്ച് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എൻ.എച്ച്. 17, എൻ.എച്ച്. 47 എന്നിവ എൻ.എച്ച്.ഡി.പി. ഫെയ്സ് II-ലും III-ലും ഉൾപ്പെടുത്തി 45 മീറ്റർ വീതിയിൽ നാലുവരിപ്പാതയായി വികസിപ്പിക്കുവാൻ പദ്ധതിയിട്ട് നടപ്പിലാക്കിവരുന്നു. മറ്റ് എൻ.എച്ച്.-കൾ (എൻ.എച്ച്.-49, എൻ.എച്ച്.- 208, എൻ.എച്ച്. - 212 എൻ.എച്ച്. - 213, എൻ.എച്ച്. - 220) എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ ഇരട്ടവരി പാതയാക്കി വികസിപ്പിക്കുവാനുള്ള പദ്ധതി എൻ.എച്ച്., ഡി.പി. ഫെയ്സ് IV-ൽ വിഭാവനം ചെയ്തിട്ടുണ്ട്. ആയതിലേക്കുള്ള സാധ്യതാപഠനം നടന്നുവരുന്നു.

(സി) എൻ.എച്ച്., ഡി.പി.-യിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ BOT വ്യവസ്ഥയിലോ DBFOT വ്യവസ്ഥയിലോ ചെയ്യുവാനാണ് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly